**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതികളുടെ ചെലവും ബാധ്യതയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്‌ബി വഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്, ഇതിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് അമ്പതിനായിരം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016 ലെ കിഫ് ആക്ട് പ്രകാരം കിഫ്‌ബി ഇന്നത്തെ രീതിയിൽ ശാക്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.<br><br>കിഫ്‌ബി നിലവിൽ വന്നതിന് ശേഷം, 2022 സെപ്റ്റംബർ 30 വരെയുള്ള പ്രൊവിഷനൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് പ്രകാരം ആകെ 31,683.92 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | കിഫ്‌ബി വഴി എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര രൂപയുടെ പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതികൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും നിലവിൽ | (ബി) | അമ്പതിനായിരം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ കിഫ്‌ബി വഴി നടപ്പിലാക്കുക എന്ന ലക്ഷ്യത്തിൻമേൽ നാളിതുവരെ വിവിധ വകുപ്പുകളിലായി **73,908.64** കോടി രൂപയുടെ **993** പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. |

| സ്രോതസ്സ് | തുക |
|---|---|
| Grant Received from GOK | 2820.49 കോടി |
| MVT & Cess | 11563.64 കോടി |
| Term Loans | 14058.96 കോടി |
| Masala Bond | 2150 കോടി |
| KSFE Pravasi Chitty Bonds | 782.57 കോടി |
| NORKA Divident Scheme | 308.25 കോടി |
| **Total** | **31683.91 കോടി** |

| | | | |
|---|---|---|---|
| | എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ അവശേഷിക്കുന്നതെന്നും വിശദമാക്കുമോ; | | കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ബന്ധപ്പെട്ട ഭരണ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസികളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ **76.47 കോടി**രൂപയുടെ **15 പദ്ധതി ഘടകങ്ങൾക്ക്** കിഫ്ബി നൽകിയ ധനാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. അംഗീകാരം നൽകിയ **73,908.64** കോടി രൂപയുടെ പദ്ധതികളിൽ **6201.35** കോടി രൂപയുടെ പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബി പദ്ധതികൾക്കായി യഥാർത്ഥത്തിൽ നാളിതുവരെ എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | അംഗീകാരം നൽകിയ പദ്ധതികൾക്കായി കിഫ്ബി 22,188 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (30-11-2022 വരെയുള്ള കണക്ക് പ്രകാരം). |
| (ഡി) | കിഫ്ബി വഴി കടമെടുത്ത തുക സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുമോ; എങ്കിൽ ഈ ഇനത്തിൽ എത്ര തുക കൂടി സംസ്ഥാനത്തിന്റെ ബാധ്യതയിൽ ഉൾപ്പെടുത്തേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കുന്ന പണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയല്ല. കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആയ കിഫ്ബി ആന്യുറ്റി മാതൃക അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമാണ്. കിഫ്ബി മുഖേനയുള്ള പദ്ധതിയായി ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിക്കുന്നതും അല്ലെങ്കിൽ മന്ത്രിസഭ തീരുമാനിക്കുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേയ്മെന്റ് (മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക) ആയി കിഫ്ബിക്ക് നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ്നൽകുന്നു. നിലവിലെ ഗ്യാരണ്ടി പരിധി ആക്ടിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത്. സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ